# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4199 — 19.10.2011 ൽ മറുപടിയ്ക്ക്

## കാർഷിക വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ. കെ. വിജയൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകൾ വഴിയുള്ള കാർഷിക വായ്പാ വിതരണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാന സഹകരണ ബാങ്കിന്, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) പാലിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 2009-10 വർഷവും 2010-11 വർഷവും നബാർഡിൽ നിന്നും പുനർവായ്പ ലഭിക്കാത്ത സാഹചര്യം കാർഷിക വായ്പാ വിതരണം കൂടുതൽ കൈവരിക്കാനുള്ള ശ്രമങ്ങളെ ബാധിച്ചിട്ടുണ്ട്. |
| (ബി) കാർഷിക വായ്പ നൽകുന്നതിന് എത്ര ശതമാനം പലിശയാണ് നബാർഡ് ഈടാക്കി വരുന്നത്; പ്രസ്തുത തുക സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് വായ്പയായി നൽകുമ്പോൾ എത്ര ശതമാനം പലിശയാണ് ഈടാക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) ഹ്രസ്വകാല കാർഷിക വായ്പകൾക്ക് നബാർഡ് നൽകുന്ന പുനർവായ്പയ്ക്ക് നബാർഡ് 4% പലിശയാണ് ഈടാക്കുന്നത്. ടി തുക സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് വായ്പയായി നൽകുമ്പോൾ 7% പലിശ ഈടാക്കുന്നു. |
| (സി) നബാർഡിന്റെ കടിശ്ശിക തീർക്കുന്നതിന് ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്; | (സി) നബാർഡിന് കടിശ്ശികയില്ല. ആയതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |

| | | |
|---|---|---|
| (ഡി) | കാർഷിക വായ്പ കർഷകന് യഥാസമയം നൽകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഡി) സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം താഴെ ചേർക്കുന്നു.<br>1. ഹ്രസ്വകാല കാർഷിക വായ്പാ മേഖലയിലെ അപ്പക്സ് ബാങ്കായ സംസ്ഥാന സഹകരണ ബാങ്കിന് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) ൽ നിന്നും താൽക്കാലിക ഇളവ് ലഭിച്ച സാഹചര്യത്തിൽ കൂടുതൽ ഹ്രസ്വകാല കാർഷിക വായ്പാ വിതരണം ചെയ്യുന്നതിന് നബാർഡിൽ നിന്നും പുനർവായ്പ ലഭിക്കുന്നതിനായി ഗവൺമെന്റ് ഗ്യാരന്റി നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.<br>2. കാർഷിക വായ്പാ വിതരണത്തിനുള്ള ജാമ്യ വ്യവസ്ഥ ലഘൂകരിച്ചു. ഒരു ലക്ഷം രൂപാവരെ വ്യക്തി ജാമ്യത്തിൽ കാർഷിക വായ്പ നൽകുന്നതാണ്.<br>3. കാർഷിക വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 5% പലിശ നൽകുമെന്ന് 2011-12 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>4. പലിശ പൂർണ്ണമായും സർക്കാർ വഹിച്ചുകൊണ്ട് നെൽകൃഷിക്ക് പലിശയില്ലാ വായ്പ നൽകുന്ന പദ്ധതി തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ